"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - പൂവച്ചൽ ഖാദർ സ്മാരക നിർമ്മാണത്തിന് ആദ്യ ഗഡു അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.128/2026/CLAD തീയതി, തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ) നം. 35/2026/CLAD തീയതി 14.01.2026.
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 26.01.2026 തീയതിയിലെ പി2-321/2022/സാം.വ. നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ പൂവ്വച്ചൽ ഗ്രാമപഞ്ചായത്തിൽ പൂവച്ചൽ ഖാദർ സ്മാരക പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് 2025-26 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുക പൂവച്ചൽ പഞ്ചായത്തിന് അനുവദിച്ചുനൽകുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂവച്ചൽ ഖാദർ സ്മാരക നിർമ്മാണത്തിന് 'പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകം' നിർമ്മിക്കുന്നതിനായുള്ള 2205-00-102-98-00-36-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) ആദ്യ ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധന പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ കാട്ടാക്കട റൂറൽ ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള 799012700002774 എന്ന പി.എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന മേധാവി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന മേധാവി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

4. കൂടാതെ, അടുത്ത സാമ്പത്തികവർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പൂവച്ചൽ ഗ്രാമപഞ്ചായത്ത്, പൂവച്ചൽ പി.ഒ, തിരുവനന്തപുരം-695575
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്.പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫിസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (2719204/EDN-D1/15/2024-FIN Dated 09.02.2026)
കരുതൽ ഫയൽ (A2/239/2022-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 13-02-2026 14:10:02